(ഡി) 2003-2004 അദ്ധ്യയന വർഷം 3 കോടി 80 ലക്ഷം രൂപ ഫീസിനത്തിൽ ലഭിച്ചിട്ടുണ്ട്. (40 ലക്ഷം രൂപ പട്ടികജാതി വെൽഫയർ ഡിപ്പാർട്ട്മെന്റിൽ നിന്നും പിന്നീട് ലഭിക്കേണ്ടതാണ്). ഈ സാമ്പത്തിക വർഷം അടിസ്ഥാന സൗകര്യ വികസനത്തിനായി 19-1-2004-ൽ കൂടിയ സിൻഡിക്കേറ്റ് മീറ്റിംഗിലെ തീരുമാനം അനുസരിച്ച് 55 ലക്ഷം രൂപ ആദ്യ ഗഡുവായി ചെലവഴിക്കാൻ തീരുമാനിച്ചിട്ടുണ്ട്. എൻ. സി. റ്റി. ഇ. നിബന്ധനപ്രകാരം ആവശ്യമുള്ള അദ്ധ്യാപകരുടെ നിയമനത്തിന് അടിയന്തിര നടപടികൾ സർവ്വകലാശാല എടുത്തിട്ടുണ്ട്.

പ്രൊഫഷണൽ, ആർട്ട്സ്, സയൻസ് കോളേജുകളിലെ ഫീസ് ഘടന

84 [1452] ഡോക്ടർ തോമസ് ഐസക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രൊഫഷണൽ, ആർട്ട്സ്, സയൻസ് കോളേജുകളിലെ നിലവിലുള്ള ഫീസ് ഘടനയുടെ വിശദാംശങ്ങൾ നൽകാമോ;

(ബി) പ്രസ്തുത ഫീസുകൾ വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഇത് എന്ത് തുക വീതം വർദ്ധിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്;

(സി) ഇക്കാര്യത്തിൽ നാളിതുവരെ എന്തൊക്കെ നടപടി സ്വീകരിച്ചു;

(ഡി) ഫീസ് വർദ്ധിപ്പിക്കുന്നതിന് മുൻപ് അദ്ധ്യാപക വിദ്യാർത്ഥി സംഘടനകളുമായി വിശദമായ ചർച്ചയ്ക്ക് സർക്കാർ തയ്യാറാകുമോ?

ഉത്തരം

(എ) അനുബന്ധം ആയി ചേർത്തിട്ടുണ്ട്. †

(ബി & സി) നികുതിയേതര വരുമാനം വർദ്ധിപ്പിക്കേണ്ടതിന്റെ ഭാഗമായി ഫീസുകൾ വർദ്ധിപ്പിക്കേണ്ടിവരാം.

(സി) ഇക്കാര്യം അപ്പോൾ ആലോചിക്കാവുന്നതാണ്.

എറണാകുളം മഹാരാജാസ് കോളേജ് എം. സി. ആർ. വി. ഹോസ്റ്റലുകളിലെ ക്രമക്കേടുകൾ

85 [1454] ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം മഹാരാജാസ് കോളേജ് എം. സി. ആർ. വി. ഹോസ്റ്റലുകളിൽ താമസിക്കുന്ന ആൺകുട്ടികളുടേയും പെൺകുട്ടികളുടേയും പേരുവിവരവും മേൽവിലാസവും പഠിക്കുന്ന ക്ലാസുകളും പട്ടികജാതി/പട്ടിക വർഗ്ഗം, മറ്റുള്ളവർ എന്നിവ സംബന്ധിച്ച വിശദവിവരവും വെളിപ്പെടുത്തുമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ആൺകുട്ടികളുടേയും പെൺകുട്ടികളുടേയും ഹോസ്റ്റൽ വർഡൻമാർ ആരെല്ലാമാണ്; വാർഡൻമാരും ട്യൂട്ടർമാരും ഹോസ്റ്റലിൽ താമസിക്കുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; അവർക്ക് നീക്കിവച്ചിരിക്കുന്ന മുറികളിൽ ആരാണ് താമസിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഹോസ്റ്റലിൽ മഹാരാജാസ് കോളേജിൽ ഇപ്പോൾ പഠിക്കാത്ത കുട്ടികളോ, മറ്റുള്ളവരോ അനധികൃതമായി താമസിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുത ഹോസ്റ്റലുകളിൽ എത്ര ജീവനക്കാർ വീതം ഉണ്ട്; ആരെല്ലാം;

(ഇ) ഹോസ്റ്റൽ വിദ്യാർത്ഥികൾ അല്ലാത്തവർ ഹോസ്റ്റൽ ജീവനക്കാരെ ഭീഷണിപ്പെടുത്തി ഭക്ഷണസാധനങ്ങൾ ബലമായി എടുത്തുകൊണ്ട് പോകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) ഇത് സംബന്ധിച്ച് ഹോസ്റ്റൽ ജീവനക്കാരിൽ നിന്ന് അന്വേഷിച്ച് റിപ്പോർട്ട് നൽകുമോ;

(ജി) മെസ്സ് ഫീ മാസം തോറും അടയ്ക്കാൻ ബാധ്യതയുള്ളവർ മെസ്സ് ഫീ നൽകുന്നുണ്ടോ; അനധികൃതമായി മെസ്സിൽ നിന്നും ഭക്ഷണം കഴിക്കുന്നവർ മെസ്സ് ഫീ നൽകുന്നുണ്ടോ; ഇവർ ആരെല്ലാം;

(എച്ച്) ഒരു വർഷത്തെ മെസ്സിനായുള്ള ചെലവ് എത്രയാണെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ഐ) ഓരോ ഹോസ്റ്റലിലേയും ഓരോ മാസത്തെ മെസ്സിനായുള്ള മൊത്തം ചെലവും മൊത്തം വരുമാനവും എത്രയാണെന്ന് വെളിപ്പെടുത്തുമോ;

(ജെ) ഇതിന്റെ ഓഡിറ്റ് റിപ്പോർട്ട് ഏത് വർഷംവരെ നടത്തി; ഓഡിറ്റ് റിപ്പോർട്ട് മേശപ്പുറത്ത് വയ്ക്കുമോ?

ഉത്തരം

(എ) വിശദവിവരം അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു. †

(ബി) രണ്ട് ഹോസ്റ്റലുകളിലും അറബി വിഭാഗം അദ്ധ്യാപകനായ ശ്രീ. എ. പി. അബ്ദു ആണ് വാർഡൻ. വാർഡന് ഹോസ്റ്റലുകളിൽ പ്രത്യേക താമസ സൗകര്യം ഇല്ലാത്തതിനാൽ കുട്ടികളുടെ കൂടെ താമസിക്കുന്നില്ല. പെൺകുട്ടികളുടെ ഹോസ്റ്റലിലെ ട്യൂട്ടർ അവർക്കായിട്ടുള്ള മുറിയിൽ താമസിക്കുന്നു. ആൺകുട്ടികളുടെ ഹോസ്റ്റലിലെ ട്യൂട്ടർക്ക് താമസ സൗകര്യം ലഭ്യമല്ലാത്തതിനാൽ ഹോസ്റ്റലിൽ വിദ്യാർത്ഥികളുടെ കൂടെ താമസിക്കുന്നില്ല.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ജീവനക്കാരുടെ വിശദവിവരം അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.†

(ഇ) ഒരു സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(എഫ്) വിശദമായ അന്വേഷണം നടത്തിയിട്ടുണ്ട്. ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വാർഡൻ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ജി) മെസ്സ് ഫീ അടയ്ക്കുവാൻ ബാദ്ധ്യതയുള്ളവരിൽ 75% മാത്രം കൃത്യമായി അടച്ചുവരുന്നു. അനധികൃതമായി ഭക്ഷണം കഴിക്കുന്നവരെക്കുറിച്ച് പരാതി ലഭിച്ചിട്ടില്ല.

(എച്ച്) 6/2002 മുതൽ 5/2003 വരെയുള്ള ചെലവ് ചുവടെ ചേർത്തിരിക്കുന്നു:

ലേഡീസ് ഹോസ്റ്റൽ	..	6,03,033	രൂപ
മെൻസ് ഹോസ്റ്റൽ	..	8,46,167	,,
ആകെ	..	14,49,200	,,

(ഐ) വാർഷിക ചെലവ് താഴെപ്പറയും പ്രകാരമാണ്:

ലേഡീസ് ഹോസ്റ്റൽ	..	6,03,033	രൂപ
മെൻസ് ഹോസ്റ്റൽ	..	8,46,167	,,

മാസം തിരിച്ചുള്ള റിപ്പോർട്ട് അനുബന്ധം 3 ആയി ചേർത്തിരിക്കുന്നു. † വരുമാനം സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(ജെ) കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ ഓഡിറ്റ് 4/1998 വരെ നടന്നു. ആഡിറ്റ് റിപ്പോർട്ടിന്റെ കോപ്പി മേശപ്പുറത്ത് വയ്ക്കാൻ നിയമം അനുവദിക്കുന്നില്ല.

പ്രൊഫഷണൽ കോഴ്സുകൾക്കുള്ള സംസ്ഥാന എൻട്രൻസ് പരീക്ഷയിൽ വരുത്തിയ മാറ്റങ്ങൾ

86 [1455] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൊഫഷണൽ കോഴ്സുകൾക്കുള്ള സംസ്ഥാന എൻട്രൻസ് പരീക്ഷ നടത്തിപ്പിൽ ഈ വർഷം മുതൽ എന്തെങ്കിലും മാറ്റങ്ങൾ വരുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദീകരിക്കുമോ;

(സി) ഇത്തരം മാറ്റങ്ങൾ വരുത്താനുണ്ടായ കാരണങ്ങൾ അറിയിക്കുമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly